**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൈത്താങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. രാജ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി കൈത്താങ്ങ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് 18 വയസ്സ് തികയുന്നത് വരെ പ്രതിമാസം 2000/- രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | കൈത്താങ്ങ് പദ്ധതി കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചു പോയതും, മറ്റയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1500/- രൂപ നൽകിയിരുന്നത് 05/09/2022 ലെ സ.ഉ (സാധാ) നം. 932/2022/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 2000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ കുട്ടികൾക്ക് ധനസഹായം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് നിലവിൽ 433 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൈത്താങ്ങ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി നടപ്പാക്കുന്ന കൈത്താങ്ങ് പദ്ധതി പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കും കൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കൈത്താങ്ങ് പദ്ധതി പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കും കൂടി നടപ്പാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ